
# ടെൻറ്റ് ഡ്രസ്സ്

*ഈ വീഡിയോയിൽ നമ്മൾ, നിങ്ങൾക്ക് കടയിൽ പോവുമ്പോൾ ധരിക്കാവുന്ന അല്ലെങ്കിൽ ഫ്രണ്ട്സും ഒത്തു ബ്രഞ്ച് കഴിക്കാൻ പോവുമ്പോൾ പോലും ധരിക്കാവുന്ന ടെൻറ്റ് ഡ്രസ്സ് നിർമ്മിക്കാൻ പോവുകയാണ്.*
















## മെറ്റീരിയൽ ലിസ്റ്റ്

60 വീതിയുള്ള 3 മീറ്റർ തുണി (ഞങ്ങൾ ഒരു സോഫ്റ്റ് ഡെനിം തുണി ആണ് തിരഞ്ഞെടുത്തത്.)
ഞങ്ങളുടെ വെബ്സൈറ്റ് ആയ **www.ushasew.com** ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്ന ടെൻറ്റ് ഡ്രസ്സിനുള്ള ടെംപ്ലേറ്റ്
ചോക്ക്
കത്രിക
റൂളർ
അളക്കുന്ന ടേപ്പ്
ബീഡഡ് പിന്നുകൾ
തുണിയുമായ് മാച്ച് ചെയ്യുന്ന നൂലുകൾ

ഞങ്ങൾ നിങ്ങളെ ടെംപ്ലേറ്റിന് അനുസരിച്ച് എങ്ങനെ അടയാളപ്പെടുത്താം എന്നും മുറിക്കാം എന്നും മുൻ,പിൻ വശങ്ങൾ യോജിപ്പിക്കൽ,നെക്ലൈൻ പൂർത്തിയാക്കൽ,സൈഡ് സീം പൂർത്തിയാക്കൽ പിന്നെ അവസാനമായി സ്ലീവ് ഹെം ബോട്ടം ഹെം എന്നിവയും കാണിക്കും.

ഘട്ടം 1 ടെംപ്ലേറ്റ് അടയാളപ്പെടുത്തലും തുണി മുറിക്കലും

സോഫ്റ്റ് ഡെനിം തുണി തുറന്ന് റൈറ്റ് സൈഡ് റൈറ്റ് സൈഡിനെ ഫേസ് ചെയ്യുന്ന വിധം മടക്കുക. റോങ്ങ് സൈഡ് നിങ്ങളെ ഫേസ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുക.

ടെംപ്ലേറ്റിന്റെ ഫ്രണ്ട് എന്ന് മാർക്ക് ചെയ്ത ഭാഗം തുണിയുടെ മുകളിൽ വെയ്ക്കുക. ഓൺ ഫോൾഡ് എന്ന് സൂചിപ്പിച്ചിരിക്കുന്ന വശം മടക്കിനു മുകളിൽ തന്നെ ആണ് സ്ഥാപിച്ചിരിക്കുന്നതെന്നു ഉറപ്പു വരുത്തുക. കുറച്ചു ബീഡഡ് പിന്നുകൾ ഉപയോഗിച്ച് ടെംപ്ലേറ്റ് സ്ഥാനത്തു സുരക്ഷിതമാക്കുക. ഒരു ചോക്ക് ഉപയോഗിച്ച് ടെംപ്ലേറ്റിന്റെ അരികുകൾ തുണിയിലേക്ക് ട്രേസ് ചെയ്യുക. പൂർത്തിയായാൽ, ടെംപ്ലേറ്റ് ഊരി മാറ്റി വയ്ക്കുക. നിങ്ങളുടെ കൈയിലുള്ള കത്രിക എടുത്ത് മുറിക്കാൻ ആരംഭിക്കുക. അടയാളപ്പെടുത്തിയ വരകളിലൂടെ മുറിക്കുക. നിങ്ങളുടെ ഫ്രന്റ് പീസ് തയ്യാറായിരിക്കുന്നു.

ഇപ്പോൾ ചെയ്തപോലെ തന്നെ ബാക്ക് ടെംപ്ലേറ്റിനു മുകളിൽ തുണിയിൽ വെയ്ക്കുക. ഓൺ ഫോൾഡ് എന്ന് സൂചിപ്പിച്ചിരിക്കുന്ന വശം മടക്കിനു മുകളിലാണെന്നു ഉറപ്പിക്കുക. ടെംപ്ലേറ്റ് തുണിയിൽ പിൻ ചെയ്തു ഒരു ചോക്ക് ഉപയോഗിച്ച് ടെംപ്ലേറ്റിന്റെ ഔട്ട് ലൈൻ വരയ്ക്കുക. ടെംപ്ലേറ്റ് ഊരിമാറ്റി ഡ്രസ്സിന്റെ ബാക്ക് പീസ് മുറിച്ചെടുക്കുക.












## ഘട്ടം 2: ഷോൾഡറുകൾ സ്ലീവിലേക്ക് തുന്നിപിടിപ്പിച്ചു മുൻ,പിൻ കഷ്ണങ്ങൾ യോജിപ്പിക്കൽ

നമ്മൾ ഇപ്പോൾ മുറിച്ചെടുത്ത ബാക്ക് ഫാബ്രിക്കിന്റെ കഷ്ണം റോങ്ങ് സൈഡ് താഴേക്കു വരുംവിധം മേശയുടെ മുകളിൽ വിരിക്കുകഇതാണ് തുണിയുടെ റോങ്ങ് സൈഡ്,ഇതാണ് തുണിയുടെ  റൈറ്റ് സൈഡ്. ഇപ്പോൾ ഡ്രസ്സിന്റെ  ഫ്രണ്ട് പീസ് ബാക്ക് പീസിന് മുകളിൽ വെയ്ക്കുക. നമ്മൾ ഒന്നിച്ചു തുന്നി യോജിപ്പിക്കുന്നു. കാണിച്ചിരിക്കുന്ന പോലെ  റൈറ്റ് സൈഡ് റൈറ്റ് സൈഡിനെ അഭിമുകീകരിക്കുന്ന വിധം.

നമ്മൾ ഷോൾഡർ മുതൽ സ്ലീവ് വരെ തുന്നാൻ പോവുകയാണ്. രണ്ടു കഷ്ണങ്ങളും ബീഡഡ് പിൻ കൊണ്ട് പിന് ചെയ്യുക.പിൻ ചെയ്ത തുണി ഉഷ ജനോം വണ്ടർ സ്റ്റിച്ച് പ്ലസിലേക്ക് കൊണ്ട് വരുക. ഒരു സ്ലീവിന്റെ അറ്റം പ്രെസ്സർ ഫൂട്ടിന്റെ അടിയിലായ് വെയ്ക്കുക. സ്റ്റിച്ച് സെലക്ടർ ഡയല് എ ആയും സ്റ്റിച്ച് ലെങ്ത് 2.5 ആയും സെറ്റ് ചെയ്തു തുന്നാൻ ആരംഭിക്കുക. സ്റ്റിച്ചുകൾ സുരക്ഷിതമാകാനായ് തുടക്കത്തിൽ ഒരു റിവേഴ്സ് സ്റ്റിച്ച് ചെയ്യുക. സ്ലീവ് മുഴുവനായും തുന്നുക,എന്നിട്ട് നിങ്ങൾ നെക്കിൽ എത്തുമ്പോൾ നിർത്തുക. അവസാനത്തിലും ഒരു റിവേഴ്സ് സ്റ്റിച്ച് ചെയ്യുക.

ഇനി അടുത്ത സ്ലീവിലും ഇതേ പ്രക്രിയ മുഴുവനായും ആവർത്തിക്കുക. നൂൽ മുറിക്കുക. ഇങ്ങനെയായിരിക്കും തുന്നലുകൾ കാണാൻ ഇരിക്കുന്നത്. ഫ്രെയിങ് ഇല്ലാതിരിക്കാനായ് സ്റ്റിച്ച് ചെയ്ത തുണിയുടെ അരികുകളിലൂടെ ഒരു സിഗ്സാഗ് സ്റ്റിച്ച് ചെയ്യാനായി തുടങ്ങുക. സ്ലീവ് പ്രെസ്സർ ഫൂട്ടിന്റെ അടിയിൽ അലൈൻ ചെയ്യുക.സ്റ്റിച്ച് സെലെക്ടർ ഡയൽ സി ആയും സ്റ്റിച്ച് ലെങ്ത് 1.5 ആയും സെറ്റ് ചെയ്യുക. നെക്കിൽ നിന്നും സ്ലീവ് എൻഡിലേക്കും അവുടെനിന്നും നെക്കിലേക്കും തുന്നാൻ ആരംഭിക്കുക. സിഗ്സാഗ് സ്റ്റിച്ച് ചെയ്യുമ്പോൾ റിവേഴ്സ് സ്റ്റിച്ചി ചെയ്യേണ്ട  ആവിശ്യമില്ല.  ഈ സ്ലീവ് ചെയ്തുകഴിഞ്ഞാൽ ഇതേ പ്രക്രിയ അടുത്ത സ്ലീവിലും ആവർത്തിക്കുക. സ്ലീവ് എൻഡിൽ നിന്നും നെക്കിനു നേരെ തുന്നുക ഒരു കത്രിക ഉപയോഗിച്ച് അധികം വന്ന നൂലുകൾ മുറിച്ചു മാറ്റുക. ഇങ്ങനെയായിരിക്കണം നിങ്ങളുടെ തുന്നലുകൾ കാണാൻ ഇരിക്കേണ്ടത്.










## ഘട്ടം 3 നെക്ക്ലൈൻ പൂർത്തിയാക്കൽ

നെക്ക് ലൈനിനു ഒരു മികച്ച ഫിനിഷിങ് നൽകുന്നതിനായ് നമ്മുക്ക് ബയസ് സ്ട്രിപ്പ് ആവിശ്യമാണ്. പേടിക്കേണ്ടതില്ല, എങ്ങനെ ആ സ്ട്രിപ്പുകൾ കട്ട് ചെയ്യുമെന്ന് ഞങ്ങൾ നിങ്ങളെ പഠിപ്പിക്കും. ബാക്കിയുള്ള തുണി എടുക്കുക. കാണിച്ചിരിക്കുന്ന പോലെ ഒരു സ്കെയിൽ എടുത്ത് തുണിയുടെ കുറുകെ 45 ഡിഗ്രി ആങ്കിളിൽ ഒരു ഡയഗ്നാൽ ലൈൻ വരയ്ക്കുക. ഒരു അളവ് ടേപ്പിന്റെ സഹായത്തോടെ ലൈനിൽ നിന്നും 1.5 ഇഞ്ച് അളന്നു വിത്യസ്ത പോയിന്റുകളിൽ അടയാളപ്പെടുത്തുക. ഒരു സ്ട്രൈറ്റ് ലൈൻ ആണ് അടയാളപ്പെടുത്തിയതെന്നു ഉറപ്പാക്കുക. ഈ മാർകിങ് ഒരു ലൈൻ വരച്ചു യോജിപ്പിക്കുക. നമ്മൾക്ക് ഈ സ്ട്രിപ്പുകൾ ഒന്ന് കഴുത്തിനും രണ്ടെണ്ണം സ്ലീവ്സിനും ആവശ്യമായതിനാൽ നമ്മുക്ക് മൂന്നെണ്ണം ആവിശ്യമാണ്. അതിനാൽ ഈ പ്രക്രിയ രണ്ടു തവണ കൂടെ ആവർത്തിക്കുക. ഒരിക്കൽ ഈ മാർക്കിങ് പൂർത്തിയായാൽ ഒരു കത്രിക ഉപയോഗിച്ച് ഈ സ്ട്രിപ്പുകൾ മുറിച്ചെടുക്കുക. നിങ്ങൾ തുണിയുടെ ടോപ് ലയർ മാത്രമാണ് മുറിക്കുന്നതെന്നു ഉറപ്പു വരുത്തുക. നമ്മുടെ ബയസ് സ്ട്രിപ്പുകൾ തയ്യാറായിട്ടുണ്ട്.



















സ്ട്രിപ്പും ഡ്രസ്സും മെഷീനിലേക്ക് എടുക്കുക. നെക്ക് ലൈൻ പൂർത്തിയാക്കുവാൻ, സ്ട്രിപ്പ്  ഷോൾഡർ ജോയിന്റിന്റെ മുകളിൽ റൈറ്റ് സൈഡ് റോങ്ങ് സൈഡിനെ ഫേസ് ചെയ്യും വിധം കാണിച്ചിരിക്കുന്ന പോലെ വെയ്ക്കുക.  സ്റ്റിച്ച് സെലക്ടർ ഡയൽ എ ആയും സ്റ്റിച്ച് ലെങ്ത് 2.5 ആയും സെറ്റ് ചെയ്യുക. നെക്കിനു ചുറ്റും ഏറെക്കുറെ എൻഡ് വരെ മുഴുവനായി തുന്നുക. സ്റ്റാർട്ട് പോയിന്റിന്റെ തൊട്ടു മുന്നിലെത്തുമ്പോൾ മെഷീൻ ഓഫ് ചെയ്യുക.  തുണി പുറത്തെടുക്കുക,സ്ട്രിപ്പ് പോയിന്റ് ഷോൾഡർ ജോയിന്റുമായി അലൈൻ ചെയ്ത് ജോയിന്റ് സ്റ്റിച്ച് ചെയ്ത് സുരക്ഷിതമാക്കുക. ഒരു കത്രിക ഉപയോഗിച്ച് ബാക്കി വന്ന സ്ട്രിപ്പ് മുറിച്ചു മാറ്റുക.നിങ്ങൾ മുൻപ് വിട്ട ഗ്യാപ്പും സ്റ്റിച്ച് ചെയ്യുക അപ്പോൾ  നെക്ക് ലൈനിൽ ബയസ് സ്ട്രിപ്പ് മുഴുവനായും അറ്റാച്ച് ചെയ്യപെടും.

അടുത്ത പാർട്ട്  നന്നായി ശ്രദ്ധിക്കുക ബയസ് സ്ട്രിപ്പ് 1/4 ഇഞ്ച് റൈറ്റ് സൈഡിന് നേരെ മടക്കുക എന്നിട്ട് വീണ്ടും സീം അലോവെൻസിന്റെ മുകളിലൂടെ മടക്കുക. തുണിയുടെ റൈറ്റ് സൈഡിൽ നിന്ന് ഒരു എഡ്ജ് സ്റ്റിച്ച് ചെയ്തു ഫോൾഡ് സുരക്ഷിതമാക്കുക. മികച്ച ഫിനിഷ് ലഭിക്കാനായി ബാക്കി വന്ന നൂലുകൾ മുറിച്ചുമാറ്റുക.

ഇങ്ങനെയായിരിക്കണം നിങ്ങളുടെ നെക്ക് കാണാൻ

## ഘട്ടം 4 : സൈഡ് സീം പൂർത്തിയാക്കൽ

സൈഡ് സീം പൂർത്തിയാക്കുന്നതിനായ് നമ്മൾ സ്ലീവ് ഹെമ്മിൽ നിന്നും തുന്നാൻ ആരംഭിച്ചു ഡ്രസ്സിന്റെ അടിഭാഗം വരെ മുഴുവനായും പോവുക. സ്ലീവിന്റെ ഓപ്പൺ എൻഡ് പ്രെസെർ ഫൂട്ടിന്റെ അടിയിൽ വെച്ച് സ്ട്രൈറ്റ് സ്റ്റിച്ച് ചെയ്യാൻ ആരംഭിക്കുക. ആം ഹോളിന്റെ അടുത്തെത്തുമ്പോൾ വളരെ ശ്രദ്ധിക്കുക എന്നാൽ നിങ്ങൾക്ക് പെർഫെക്റ്റ് സ്റ്റിച്ച് കിട്ടും. ബോട്ടം എത്തുമ്പോൾ അധികമുള്ള നൂലുകൾ മുറിച്ചു മാറ്റുക. അതിനു ഒരു ഫിനിഷിങ് ടച്ച് നൽകാനായി എഡ്ജിൽ ഒരു സിഗ്സാഗ് സ്റ്റിച്ച് ചെയാനുള്ള സമയമാണ്. സ്ലീവ് പ്രെസെർ ഫൂട്ടിന്റെ അടിയിൽ വെയ്ക്കുക എന്നിട്ട് സ്റ്റിച്ച് സെലക്ടർ ഡയൽ സി ആയും സ്റ്റിച്ച് ലെങ്ത് 1.5 ആയും സെറ്റ് ചെയ്തു സ്ലീവ് മുതൽ ബോട്ടം വരെ സിഗ്സാഗ് സ്റ്റിച്ച് ചെയ്യാൻ ആരംഭിക്കുക. പൂർത്തിയായാൽ നിങ്ങളുടെ തുന്നലുകൾ ഇങ്ങനെയിരിക്കും. നമ്മൾക്ക് ആമിന്റെ അടിയിൽ ഒരു സ്ലാഷ് ഇടേണ്ടതുണ്ട്. സ്ലാഷ് ഇടുന്നതു സീം പക്കറിങ് ഒഴിവാക്കാനാണ്.

നമ്മൾ ഈ മുഴുവൻ തുന്നൽ പ്രക്രിയയും ആവർത്തിക്കണം,ഒപ്പം ഡ്രസ്സിന്റെ മറുവശത്തു അണ്ടർ ആമിൽ സ്ലാഷ് ഇടുന്നതും സിഗ്സാഗ് തുന്നലും.



















## ഘട്ടം 5 സ്ലീവ് ഹെം പൂർത്തിയാക്കൽ

മുൻപ് സൂചിപ്പിച്ച പോലെ സ്ലീവിനായ് രണ്ടു അധിക ബയസ് സ്ട്രിപ്പ്. ഒരു ബയസ് സ്ട്രിപ്പ് എടുത്ത് ഡ്രസ്സിന്റെ സ്ലീവ് എഡ്ജിന്റെ മുകളിലായി സ്ഥാപിക്കുക. ബയസ് സ്ട്രിപ്പിന്റെ റൈറ്റ് സൈഡ് റോങ്ങ് സൈഡിനെ അഭിമുകീകരിക്കും വിതമായിരിക്കണം. സിർക്യൂലർ സീമുകൾ തുന്നുന്നതിന്റെ എളുപ്പത്തിനായ് മെഷീനിന്റെ ആക്സെസറി ബോക്സ് ഊരിമാറ്റുക. തുണി പ്രെസെർ ഫൂട്ടിന്റെ അടിയിൽ അഡ്ജസ്റ്റ് ചെയ്യുക. സ്റ്റിച്ച് സെലക്ടർ ഡയൽ സ്ട്രൈറ്റ് സ്റ്റിച്ച് ആയും സ്റ്റിച്ച് ലെങ്ത് 2.5 ആയും സെറ്റ് ചെയ്ത് തുന്നൽ ആരംഭിക്കുക.

സ്ലീവിന്റെ ചുറ്റിലും ഏറെക്കുറെ അവസാനം എത്തുന്നവരെ തുന്നൽ തുടരുക. ഇപ്പോൾ നെക്കിനും ഇതേപോലെ, എക്സ്ട്രാ ബയസ് സ്ട്രിപ്പ് എടുത്ത് വീഡിയോയിൽ കാണിച്ചിരിക്കുന്ന പോലെ ഏകദേശം ഒരു ഇഞ്ചിൽ സ്ട്രൈറ്റ് സ്റ്റിച്ച് ചെയ്യുക. ഒരു കത്രിക ഉപയോഗിച്ച് അധികമുള്ള നൂൽ മുറിച്ചു മാറ്റുക. ഇപ്പോൾ സ്ലീവ് റൈറ്റ് സൈഡിലേക്ക് തിരിക്കുക. ഇപ്പോൾ ബയസ് സ്ട്രിപ്പ് കാൽ ഇഞ്ച് രണ്ടു തവണയായി സീം ലൈനിനു മുകളിലൂടെ മടക്കുക. സ്ലീവ് മെഷീനിന്റെ അടിയിൽ വെച്ച് സ്ലീവിന്റെ എഡ്ജിനു കുറുകെയായ് ഒരു സ്ട്രൈറ്റ് സ്റ്റിച്ച് ചെയ്യുക. അധികമുള്ള നൂൽ മുറിച്ചു മാറ്റുക, നിങ്ങളുടെ സ്ലീവ്സ് തയ്യാറായിരിക്കുന്നു. ഇങ്ങനെയായിരിക്കും പൂർത്തിയായ സ്ലീവ് ഇരിക്കുക. ഇതേ പ്രക്രിയ അടുത്ത സ്ലീവിലും ആവർത്തിക്കുക.

## ഘട്ടം 6 ബോട്ടം ഹെം പൂർത്തിയാക്കൽ

ഇത് വളരെ എളുപ്പമാണ് ഡ്രസ്സിന്റെ അടിഭാഗം കാണിച്ചിരിക്കുന്ന പോലെ അര ഇഞ്ച് രണ്ടുതവണയായ് മടക്കുക. ഇനി ഡ്രസ്സിന്റെ അടിഭാഗത്തിനു കുറുകെയായ് മടക്കിനു മുകളിലൂടെ ഒരു സ്ട്രൈറ്റ് സ്റ്റിച്ച് ചെയ്യുക. ബോട്ടം ഹെം ലൈൻ പൂർത്തിയായിരുന്നു. നിങ്ങൾ വിജയകരമായി ടെൻ്റ് ഡ്രസ്സ് ഉണ്ടാക്കുന്ന മുഴുവൻ പ്രക്രിയയിലൂടെയും കടന്നുപോയിരിക്കുന്നു. നിങ്ങൾക്ക് സ്വയം തോളിൽ ഒരു പാറ്റ് നൽകാം.

ഈ ഡ്രസ്സ് കൂടുതൽ മനോഹരമാക്കാൻ അത് അലങ്കരിക്കുന്നത് എപ്പോഴും ഒരു നല്ല തീരുമാനമാണ്. ഇപ്പോൾ ഒരുപാട് റിബ്ബണുകളും സ്കിൻസും ലഭിക്കുന്ന അവസരത്തിൽ നിങ്ങൾക്ക് കൂടുതൽ ക്രീയേറ്റീവ് ആവാനാവും. നിങ്ങൾ നിർമ്മിച്ച ടെൻ്റ് ഡ്രസ്സ് കൂടുതൽ മനോഹരമാക്കാൻ നിങ്ങൾക്ക് ഉഷ ജനോം റിബ്ബൺ സ്കീൻ ഫൂട്ട് ഉപയോഗിക്കാം. എങ്ങിനെ ഈ ഫൂട്ട് ഉപയോഗിക്കാം എന്ന് കൂടുതലായി അറിയാനായി ഞങ്ങളുടെ വെബ്സൈറ്റ് ആയ www.ushasew.com സന്ദർശിച്ചു അതിനായുള്ള ട്യൂട്ടോറിയൽ കാണുക.

നിങ്ങൾ നിർമ്മിച്ചതിനെ കുറിച്ച് അഭിമാനിക്കുന്നില്ലേ! ഒരു ഫോട്ടോ എടുത്ത് നിങ്ങളുടെ ഫ്രണ്ട്സിനു ഷെയർ ചെയ്യുകയോ സോഷ്യൽ മീഡിയയിൽ ഷെയർ ചെയ്യുകയോ ചെയ്യുക. കൂടാതെ നിങ്ങൾക്ക് ഈ ടെൻ്റ് ഡ്രസ്സ് വിവിധ രീതികളിൽ മനോഹരമാക്കാനും അലങ്കരിക്കാനും അപ് സ്കെയിൽ ചെയ്യാനും സാധിക്കും.